# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 983

05.03.2018-ന് മറുപടിയ്ക്ക്

## ചാലക്കുടി മണ്ഡലത്തിലെ ഹൈടെക് സ്കൂൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) അന്താരാഷ്ട്ര നിലവാരമുള്ള ഹൈടെക് സ്കൂളാക്കി മാറ്റുന്നതിനായി ചാലക്കുടി മണ്ഡലത്തിൽ നിന്നു നിർദ്ദേശിച്ച് അനുമതി ലഭിച്ചിട്ടുള്ള ചാലക്കുടി വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ നിർമ്മാണം ആരംഭിക്കുന്നതിനായുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ ; | (എ) ചാലക്കുടി വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതിയും കിഫ്ബി അംഗീകാരവും ലഭ്യമായിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള ടെൻഡർ നടപടികൾ മാർച്ച് മാസത്തിൽ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| (ബി) എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയുടെ ഭാഗമായി നടപ്പാക്കാൻ പോകുന്നത് എന്ന് വ്യക്തമാക്കാമോ ; | (ബി) ഭൗതിക സാഹചര്യ വികസനം, ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തൽ, എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെയും എട്ടുമുതൽ 12 വരെയുള്ള മുഴുവൻ ക്ലാസ് മുറികളും ഹൈടെക് ആക്കി മാറ്റുക, അക്കാദമിക മികവിന്റെ ഭാഗമായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി എല്ലാ കുട്ടികളുടേയും പഠന നിലവാരം ഉറപ്പുവരുത്തുക, അദ്ധ്യാപകരെ സുസജ്ജരാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ സർക്കാർ നടപ്പിലാക്കുന്നതാണ്. |
| (സി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട എൽ.പി/യു.പി. സ്കൂളുകളിൽ, ഹൈടെക് നിലവാരത്തിലേയ്ക്കുയർത്തുന്നതിനായി നിർദ്ദേശിക്കപ്പെട്ട, കൊരട്ടി പഞ്ചായത്ത് എൽ.പി സ്കൂളിൽ, പ്രസ്തുത പദ്ധതി ആരംഭിയ്ക്കുന്നതിനായുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ ? | (സി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി ഗവ.എൽ പി സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 93.5 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ